Draft #22 of File 38149/P&D1/2020 Approved by ASSISTANT REGISTRAR III (ADMIN) on 08-Sep-2021 12:42 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

2021-22 വാർഷിക പദ്ധതി വിഹിതമായി സർവകലാശാലയ്ക്ക് സർക്കാർ അനുവദിച്ച് കൈമാറുന്ന തുക അടിയന്തിരമായി വിനിയോഗിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബഹു വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ കൂടിയ 12.08.2021, 31.08.2021 എന്നീ തീയതികളിലെ യോഗങ്ങളുടെ മിനിട്സ് വൈസ് ചാൻസലർ അംഗീകരിച്ചു -ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

**പ്ലാനിംഗ് & ഡവലപ്മെന്റ് 1**

നമ്പർ. 4449/P&D 1/2021/എം.ജി.യു　　　　　　പ്രിയദർശിനി ഹിൽസ്,തീയതി: 08.09.2021

---

*പരാമർശം:*-1. ഉത്തരവ് നമ്പർ 3419/P & D 1/2021/എം ജി യു തീയതി , 22.07.2021

2. 2021-22 വാർഷിക പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ 10.08.2021 ന ഉച്ചയ്ക്ക് ശേഷം 2.30 ന ചേർന്ന യോഗത്തിന്റെ മിനുട്സ്

3. 2021-22 വാർഷിക പദ്ധതി തുക ചെലവഴിക്കുന്നത് സംബന്ധിച്ച ബഹു. വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ 31.08.2021 ന ഉച്ചയ്ക്ക് ശേഷം 2.30 ന ചേർന്ന യോഗത്തിന്റെ മിനുട്സ്

**ഉത്തരവ്**

2021-22 വാർഷിക പദ്ധതി വിഹിതമായി സർവകലാശാലയ്ക്ക് സർക്കാർ അനുവദിച്ച് കൈമാറുന്ന തുക (ആദ്യ ഗഡു) അടിയന്തിരമായി വിനിയോഗിക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് ബഹു വൈസ് ചാൻസലറുടെ അധ്യക്ഷതയിൽ പരാമർശം (2), (3) പ്രകാരം കൂടിയ യോഗങ്ങൾ താഴെ പറയുന്ന ശുപാർശകൾ സമർപ്പിച്ചിരുന്നു.

1. ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെലോഷിപ്പിനു 50 (അമ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

2. കെമിക്കൽസ്, കൺസ്യൂമബിൾസ് മറ്റ് ലാബ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനു 25 (ഇരുപത്തി അഞ്ചു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു. ടി വാങ്ങലുകൾ മുൻകൂർ അനുമതി കൂടാതെ റേറ്റ് കോൺട്രാക്ട് പ്രകാരം നിർവഹിക്കാവുന്നതാണ്. ഇതിനായി ഫാക്കൽറ്റി കൗൺസിൽ തീരുമാനം വൈസ് ചാൻസിലർ അംഗീകരിച്ചാൽ മതിയാകും.

3. സർവകലാശാല ലൈബ്രറിക്ക് പുസ്തകങ്ങൾ, ജേണലുകൾ, ഇ-ജേണലുകൾ,

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

ഡാറ്റാബേസുകൾ എന്നിവ വാങ്ങുന്നതിനു 150 (നൂറ്റിയൻപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു. ടി തുക സർവ്വകലാശാല ലൈബ്രേറിയന്റെ പേരിൽ ട്രഷറിയിൽ ആരംഭിച്ച Level 2 അക്കൗണ്ടിലേക്ക് മാറ്റുന്നതിനും യോഗം ശുപാർശ നൽകി. ടി വിഷയത്തിൽ തുടർനടപടികൾക്കായി ഫിനാൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

4. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന സ്കൂൾ ഓഫ് ടൂറിസത്തിന്റെ കെട്ടിടത്തിന്റെ തുടർ പ്രവർത്തികൾക്കായി 50 (അമ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

5. Digitization of Tabulation Registers എന്ന പദ്ധതിക്ക് 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

6. Automated Learning and Evaluation Management System and Infrastructure Facility at Directorate for Applied Short Term Programmes - Stage II എന്ന പദ്ധതിക്ക് 50 (അമ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

7. Upgrading National Knowledge Network Facility എന്ന പദ്ധതിക്കായി 10 (പത്തു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

8. സർവ്വകലാശാല ഭരണ വിഭാഗം, പരീക്ഷാ വിഭാഗം എന്നിവയുടെ അടിസ്ഥാന സൗകര്യങ്ങളുടെ ആധുനികവത്കരണ പദ്ധതിക്ക് 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

9. Asset Management പദ്ധതിക്കുള്ള സോഫ്റ്റ്‌വെയർ വികസിപ്പിക്കുന്നതിലേക്ക് 5 (അഞ്ച് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

10. പുതിയതായി നിലവിൽ വന്ന സർവ്വകലാശാല ഡിപ്പാർട്മെന്റുകളുടെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിലേക്കായി (പ്രധാനമായും ഫർണിച്ചറുകൾ വാങ്ങുന്നതിന്) 50 (അമ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

11. SWAYAM ലാബിന്റെ പ്രവർത്തനങ്ങൾക്കായി 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ നീക്കി വയ്ക്കാൻ യോഗം ശുപാർശ ചെയ്തു.

12. "Establishment of Advanced Learning Resources and Facilities for Inter-disciplinary Integrated Programmes" എന്ന പദ്ധതിക്കായി IIRBS ൽ തന്നെ മുൻകൂർ ജോലികൾ നടത്തി ബില്ലുകൾ {അനുവദിക്കപ്പെട്ട വിഹിതമായ 50 (അമ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപയുടെ} പേയ്മെന്റിനായി ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാൻ IIRBS സെന്റർ ഓണററി ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

Draft #22 of File 38149/P&D1/2020 Approved by ASSISTANT REGISTRAR III (ADMIN) on 08-Sep-2021 12:42 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

13. "Setting an 'ECONOMETRICS AND LEARNING LAB' at Dr K N Raj Centre for Planning and Centre State Financial Relations" എന്ന പദ്ധതിക്കായി Dr. K N Raj Centre ന് അനുവദിക്കപ്പെട്ട വിഹിതമായ 30 (മുപ്പതു ലക്ഷം രൂപ മാത്രം) ലക്ഷം രൂപയുടെ വിനിയോഗം പൂർത്തിയാക്കിയതായി ഓണററി ഡയറക്ടർ യോഗത്തെ അറിയിച്ചു. ഇതിന്റെ ബില്ലുകൾ രണ്ടു ഘട്ടങ്ങളാക്കി വിഭജിച്ച് അതിൽ ആദ്യ ഘട്ടത്തിന്റെ ബില്ലുകൾ ഒരു മാസത്തിനുള്ളിൽ സമർപ്പിക്കാൻ യോഗം ശുപാർശ ചെയ്തു.

14. "To accelerate the Innovation and Entrepreneurship and Nurture the Business Incubation" എന്ന പദ്ധതിക്കായി BIIC യ്ക്ക് അനുവദിക്കപ്പെട്ട വിഹിതമായ 15 (പതിനഞ്ചു ലക്ഷം രൂപ മാത്രം) ലക്ഷം രൂപയിൽ നിന്ന് ആദ്യ ഘട്ടമായി 7.50 (ഏഴര ലക്ഷം രൂപ മാത്രം) ലക്ഷം രൂപ സ്റ്റാർട്ട് അപ്പുകളുടെ പൊതുവായ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് അനുബന്ധ സൗകര്യങ്ങൾക്കുമായി ഉപയോഗിച്ചതിന് ശേഷം ഒരു മാസത്തിനുള്ളിൽ വിനിയോഗ വിവരങ്ങൾ സമർപ്പിക്കാൻ യോഗം ശുപാർശ ചെയ്തു.

15. "Establishment of Laboratory Maintenance Facility" എന്ന പദ്ധതിയിൽ സ്കൂൾ ഓഫ് ബയോസയൻസസ് [ 25 (ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ], സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് [ 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ], സ്കൂൾ ഓഫ് പ്യൂർ & അപ്ലൈഡ് ഫിസിക്സ് [ 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ], സ്കൂൾ ഓഫ് എൻവിറോണ്മെന്റൽ സയൻസസ് [ 20 (ഇരുപത് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ] എന്നിങ്ങനെ ആകെ അനുവദിക്കപ്പെട്ട വിഹിതമായ 85 (എൺപത്തിയഞ്ച് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ലാബ് ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കൽ, AMC പുതുക്കൽ, ബൈ ബാക്ക് പോളിസിയിൽ UPS ബാറ്ററികളുടെ നവീകരണം എന്നീ രീതികളിൽ വിനിയോഗം നടത്താവുന്നതാണെന്ന് യോഗം ശുപാർശ ചെയ്തു. ഓരോ ഡിപ്പാർട്മെന്റുകൾക്കും അനുവദിക്കപ്പെട്ട വിഹിതം മേൽ വിവരിച്ച ചെലവുകൾക്ക് ശേഷവും നീക്കിയിരിപ്പുണ്ടെങ്കിൽ Extended Warranty യ്ക്ക് ആയും ഉപയോഗിക്കാവുന്നതാണെന്ന് യോഗം ശുപാർശ ചെയ്തു. പുതിയതായി ലാബ് ഉപകരണങ്ങൾ വാങ്ങുമ്പോൾ വിതരണ കമ്പനികൾക്ക് തന്നെ AMC നല്കാൻ ശ്രദ്ധിക്കണമെന്ന് യോഗം ശുപാർശ ചെയ്തു. ഒരേ ഉപകരണം വിവിധ ഡിപ്പാർട്മെന്റുകൾ വാങ്ങുന്ന സാഹചര്യമുണ്ടായാൽ വകുപ്പ് മേധാവികൾ തമ്മിൽ കൂടിയാലോചന നടത്തി ധാരണയിൽ എത്തി ഒറ്റ AMC നൽകുന്ന കാര്യം ശ്രദ്ധിക്കുന്നത് ഉചിതമാകുമെന്ന് യോഗം ശുപാർശ ചെയ്തു.

16. "Developing infrastructure and Facilities For Integrated Multidisciplinary Programme in Social Sciences" എന്ന പദ്ധതിക്കായി അനുവദിക്കപ്പെട്ട വിഹിതത്തിൽ നിന്നും 15 (പതിനഞ്ച് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ചിലവാക്കുന്നത് സംബന്ധിച്ച ഘട്ടം തിരിച്ച വിശദാംശങ്ങൾ ലഭ്യമാക്കണമെന്ന് ഓണററി ഡയറക്ടറോട് യോഗം ആവശ്യപ്പെട്ടു. ആദ്യ ഘട്ടമായി 'Audio Visual Programme' ന് 8 (എട്ട് ലക്ഷം രൂപ മാത്രം) ലക്ഷം രൂപ ചിലവാണ് വരുന്നതെന്ന് ഡയറക്ടർ അറിയിച്ചതിനാൽ ഒരു മാസത്തിനുള്ളിൽ ഇതിന്റെ വിനിയോഗ വിവരങ്ങൾ സമർപ്പിക്കാൻ യോഗം ശുപാർശ ചെയ്തു.

Draft #22 of File 38149/P&D1/2020 Approved by ASSISTANT REGISTRAR III (ADMIN) on 08-Sep-2021 12:42 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

ടി ശുപാർശകൾ അംഗീകരിച്ച ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.
തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

അനിൽ കുമാർ വി എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 3 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വി സി, പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2. രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
3. ഡയറക്ടർ, പ്ലാനിംഗ് & ഡെവലൊപ്മെന്റ്
4. സർവ്വകലാശാലയിലെ ശാസ്ത്ര വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വകുപ്പ് മേധാവിമാർ
5. സർവ്വകലാശാല ലൈബ്രേറിയൻ
6. പുതിയതായി നിലവിൽ വന്ന സർവ്വകലാശാല ഡിപ്പാർട്മെന്റുകളുടെ ഓണററി ഡയറക്ടർമാർ
7. SWAYAM ലാബ് കോ-ഓർഡിനേറ്റർ
8. IIRBS ഓണററി ഡയറക്ടർ
9. Dr. K.N Raj Centre ഓണററി ഡയറക്ടർ
10. BIIC ഓണററി ഡയറക്ടർ
11. IMPSS ഓണററി ഡയറക്ടർ
12. ഫിനാൻസ് 1
13. ജനറൽ ക്യാഷ് 1
14. എ സി എ 6/ഡോക്യുമെന്റ് ഡിജിറ്റലൈസേഷൻ സെക്ഷൻ/DASP സെക്ഷൻ/എ ഡി ബി 2/എ ഡി ബി 4/എ ഡി ബി 8
15. കെ എസ് എ ഡി/സി എം എസ്/റെക്കോർഡ്സ്
16. സ്റ്റോക്ക് ഫയൽ /ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #22 of File 38149/P&D1/2020 Approved by ASSISTANT REGISTRAR III (ADMIN) on 08-Sep-2021 12:42 PM - Page 4

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം